**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏകജാലക സംവിധാനം വഴിയാണ് പ്രവേശന നടപടികൾ നടന്നു വരുന്നത്. ഏകജാലക സംവിധാനത്തിൽ രണ്ട് ഘട്ടങ്ങളുണ്ട്. മുഖ്യ ഘട്ടവും സപ്ലിമെന്ററി ഘട്ടവും. മുഖ്യഘട്ടത്തിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷ പുതുക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും സൗകര്യമുണ്ട്.<br><br>ഹയർ സെക്കന്ററിയിൽ 2021-2022 അധ്യയന വർഷം അനുവദിച്ച 81 താൽക്കാലിക ബാച്ചുകൾ ഈ വർഷവും തുടരുന്നുണ്ട്. ഇതിൽ ഒരു ബാച്ച് കൊല്ലം ജില്ലയിലും 5ബാച്ചുകൾ തൃശ്ശൂർ ജില്ലയിലും 14 ബാച്ചുകൾ പാലക്കാട് ജില്ലയിലും 18 ബാച്ചുകൾ കോഴിക്കോട് ജില്ലയിലും 31 ബാച്ചുകൾ മലപ്പുറം ജില്ലയിലും 2 ബാച്ചുകൾ വയനാട് ജില്ലയിലും 9 ബാച്ചുകൾ കണ്ണൂർ ജില്ലയിലും ഒരു ബാച്ച് കാസർഗോഡ് ജില്ലയിലുമാണ്.<br><br>81 ബാച്ചുകൾക്ക് പുറമേ ആദിവാസി ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധം രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർനാട്, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, കൽപ്പറ്റ) ഹ്യുമാനിറ്റീസ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത് ഈ വർഷവും തുടരുന്നുണ്ട്.<br><br>ഇത്തരത്തിലുള്ള 83 ബാച്ചുകൾക്ക് പുറമേ ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും 14 ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.<br><br>ഈ വർഷം പ്രവേശനത്തിനു മുൻപായി തന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 |

| | | | |
|---|---|---|---|
| | | | ജില്ലകളിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയിഡഡ് സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകളിൽ 10% അധിക മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ എല്ലാ സർക്കാർ/എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി പ്രവേശനത്തിനായി അപേക്ഷിച്ച എല്ലാപേർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. പാലക്കാട്-4, കോഴിക്കോട്-11, മലപ്പുറം-53, വയനാട്-4, കണ്ണൂർ-10, കാസർഗോഡ്-15 എന്നിങ്ങനെയാണ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്. ഇതിൽ സയൻസ് കോമ്പിനേഷനിൽ 17 ഉം, ഹ്യൂമാനിറ്റീസ് കോമ്പിനേഷനിൽ 52 ഉം, കോമേഴ്സ് കോമ്പിനേഷനിൽ 28 ഉം ആണ്. |
| (ബി) | ഉയർന്ന വിജയം നേടിയവർക്കുപോലും പ്രവേശനം ലഭിക്കുന്നില്ല എന്ന നിലയിൽ പ്ലസ് വൺ പ്രവേശനം പ്രതിസന്ധിയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനു മായി കഴിഞ്ഞ 15 വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം വഴി നടപ്പിലാക്കി വരുന്നതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശന ത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്. |
| (സി) | പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ച ദിവസം സ്കൂളുകളിൽ പ്രത്യേക പൊതുമീറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; | (സി) | ഹയർ സെക്കന്ററിയിൽ 2023 ജൂലൈ 5 ന് പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിച്ച ദിവസം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഉൾക്കൊള്ളിച്ച് പൊതുമീറ്റിംഗ് സംഘടിപ്പിച്ചിരുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ സ്കൂൾ തുറന്ന ദിവസം കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലുകളുടെ നേതൃത്വത്തിൽ നവീനം എന്ന പരിപാടി സംഘടിപ്പിച്ചു. എൻ.എസ്.ക്യൂ.എഫ് സ്കിൽ കോഴ്സുകളുടെ സാധ്യതകളെയും അവസരങ്ങളെയും കുറിച്ച് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവഗാഹം സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കുന്നു. |
| (ഡി) | സ്കൂൾ പ്രവർത്തനം, ആരോഗ്യപരമായ കാര്യങ്ങൾ, മയക്കുമരുന്നിനെതിരായ അവബോധം, അച്ചടക്ക കാര്യങ്ങൾ എന്നിവയിൽ കുട്ടികളിൽ അവബോധം | (ഡി) | ഹയർ സെക്കന്ററിയിൽ സ്കൂൾ പ്രവർത്തനം, ആരോഗ്യപരമായ കാര്യങ്ങൾ, മയക്കുമരുന്നിനെതിരായ അവബോധം, അച്ചടക്ക |

| | | | |
|---|---|---|---|
| | സൃഷ്ടിക്കാൻ മീറ്റിംഗുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | | കാര്യങ്ങൾ എന്നിവയിൽ കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ സ്കൂൾ തുറന്ന ദിവസം തന്നെ പൊതു മീറ്റിംഗിൽ സന്ദേശം നൽകിയിരുന്നു. തുടർ മീറ്റിംഗുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതാണ്.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ സ്കൂൾ പി ടി എ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ, എൻ.എസ്.എസ് എന്നിവയുമായി ചേർന്ന് ലഹരി/മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനെതിരായി യെല്ലോ ലൈൻ ക്യാമ്പയിൻ, ഹാബിറ്റ് സ്ലേറ്റ്, ഹെൽത്ത് ആന്റ് അരീന, ജാഗ്രത മതിൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ